**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5901** **16-03-2023 - ൽ മറുപടിയ്ക്ക്**

**ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിന്റെ നടത്തിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിന്റെ നടത്തിപ്പ് ചുമതല നൽകിയിട്ടുള്ളത് ആർക്കാണ്; പ്രസ്തുത കരാറിന്റെ വിശദാംശം വ്യക്തമാക്കുമോ; കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിന്റെ ഓപ്പറേഷൻ & മെയിന്റനൻസ് നടത്തിയിരുന്ന കരാറുകാരന്റെ കാലാവധി 02.03.2023-ന് അവസാനിച്ചിട്ടുള്ളതാണ്. പുതിയ കരാറുകാരനെ നിശ്ചയിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | കരാർ കാലാവധി അവസാനിച്ചാൽ പുതുക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | കരാർ കാലാവധി അവസാനിച്ചാൽ പുതിയ ടെണ്ടർ ക്ഷണിച്ച് പുതിയ കരാറുകാരനെ നിശ്ചയിക്കുക എന്നതാണ് നടപടിക്രമം. |
| (സി) | മാലിന്യ പ്ലാന്റിൽ തീപിടിത്തം ഉണ്ടായതിനാൽ കരാർ പുതുക്കുന്ന നടപടിക്രമങ്ങൾ വൈകാൻ സാധ്യതയുണ്ടോ; തീപിടുത്തം ഉണ്ടായ സാഹചര്യത്തിൽ നിലവിൽ പ്രവർത്തിക്കുന്ന കരാർ കമ്പനിക്ക് കാലാവധി നീട്ടി നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | സാധ്യതയില്ല.<br>നിലവിലുള്ള കരാറുകാരന് കാലാവധി നീട്ടി നൽകിയിട്ടില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ